"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - മാലിന്യ മുക്തം നവ കേരളം - ജനകീയ ഹരിത ഓഡിറ്റിങ്ങ് - മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡബ്ല്യു.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.1109/2023/LSGD തീയതി,തിരുവനന്തപുരം, 26-05-2023

---

പരാമർശം:- സ.ഉ.(സാധാ)നം.1068/2023/LSGD തീയതി 20.05.2023.

**ഉത്തരവ്**

മാലിന്യ മുക്തം നവകേരളം എന്ന ലക്ഷ്യം നേടുന്നതിനും, 2016-ലെ ഖരമാലിന്യ പരിപാലനചട്ടങ്ങൾ പ്രാവർത്തികമാക്കുന്നതിനുമായി ആരംഭിച്ച ക്യാമ്പയിന്റെ പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(2) 2024 മാർച്ചോടുകൂടി കേരളസംസ്ഥാനം മാലിന്യ മുക്തമാക്കണമെന്നു സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിലേക്കായി 'മാലിന്യ മുക്തം നവകേരളം' ക്യാമ്പയിൻ നടപ്പിലാക്കി വരുന്നു. പ്രസ്തുത ക്യാമ്പയിൻ ഫലപ്രദമായിരുന്നോ എന്നത് ഒരു ജനകീയ വിലയിരുത്തലിലൂടെ പരിശോധിക്കും എന്ന് സർക്കാർ ഉത്തരവിലും കോടതി വിധിയിലും വ്യക്തമാക്കിയിട്ടുണ്ട്.

(3) ഇതിന്റെ അടിസ്ഥാനത്തിൽ 'മാലിന്യ മുക്തം നവകേരളം ജനകീയ ഹരിത ഓഡിറ്റിങ്ങ്' മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ആയത് ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

കോ-ഓർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി - 2
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്.
ഡയറക്ടർ, തദ്ദേശസ്വയംഭരണ (അർബൻ) വകുപ്പ്.
ഡയറക്ടർ, തദ്ദേശസ്വയംഭരണ (റൂറൽ) വകുപ്പ്.
പ്രൊജക്ട് ഡയറക്ടർ, കെ.എസ്.ഡബ്ല്യു.എം.പി.
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ.
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ.
മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്.
ഡയറക്ടർ ജനറൽ, കില.
മിഷൻ ഡയറക്ടർ, അമൃത്.
എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും

(തദ്ദേശസ്വയംഭരണ (അർബൻ) ഡയറക്ടർ മുഖേന)

എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും

(തദ്ദേശസ്വയംഭരണ (റൂറൽ) ഡയറക്ടർ മുഖേന)

മാനേജിംഗ് ഡയറക്ടർ, ഐ.കെ.എം.

ഐ.&പി.ആർ. (വെബ് & ന്യൂ മീഡിയ) വകുപ്പ്.

ഓഫീസ് കോപ്പി / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by

Sheeba S C

Date: 26-05-2023 16:19:59

സെക്ഷൻ ഓഫീസർ

പകർപ്പ്:-

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.ന്

തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.

**മാലിന്യ മുക്തം നവ കേരളം**

**ജനകീയ ഹരിത ഓഡിറ്റിങ്ങ്**

**മാർഗ്ഗ നിർദ്ദേശങ്ങൾ**

1. **പശ്ചാത്തലം**

സംസ്ഥാനത്തെമ്പാടും മാലിന്യ സംസ്കരണത്തിന് വലിയ ശ്രമങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ 2016 മുതൽ നടക്കുന്നുണ്ട്. മാലിന്യ സംസ്കരണം പ്രത്യേക ലക്ഷ്യമാക്കി ഹരിത കേരള മിഷൻ 2016 ൽ രൂപീകരിച്ചത്, ഈ രംഗത്തെ പ്രവർത്തനങ്ങളിൽ വലിയ മാറ്റം വരുത്തുകയുണ്ടായി. ഹരിത കർമ്മ സേനകൾ രൂപീകരിക്കൽ, അതുവഴി അജൈവ മാലിന്യ ശേഖരണത്തിനുള്ള സംവിധാനം ഒരുക്കൽ, ഉറവിടത്തിന്റെ സംസ്കരണത്തിനായി ജൈവ മാലിന്യ സംസ്കരണ ഉപാധികൾ വ്യാപകമാക്കൽ, ജൈവ മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കൽ, അജൈവ മാലിന്യ സംഭരണത്തിനായി മിനി എം.സി.എഫുകൾ, എം.സി.എഫുകൾ എന്നിവ സ്ഥാപിക്കൽ തുടങ്ങി മാലിന്യ സംസ്കരണ രംഗത്ത് നിരവധി ഇടപെടലുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടത്തിയിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾ ചിട്ടയായി മുൻപോട്ട് കൊണ്ടുപോയി 2025 അവസാനത്തിൽ കേരളം സമ്പൂർണ്ണ ശുചിത്വമുള്ള സംസ്ഥാനമായി പ്രഖ്യാപിക്കുക എന്നതായിരുന്നു സർക്കാർ ലക്ഷ്യം.

എന്നാൽ 2023 മാർച്ച് മാസത്തിൽ ഉണ്ടായ ബ്രഹ്മപുരം മാലിന്യ സംസ്കരണ കേന്ദ്രത്തിലെ തീപിടുത്തം കേരളത്തിലെ മാലിന്യ സംസ്കരണ വിഷയത്തെ അടിയന്തിര പ്രാധാന്യമുള്ളതായി മാറ്റി.

ബ്രഹ്മപുരം തീപിടുത്തത്തിന്റെ പശ്ചാത്തലത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതി സ്വമേധയ കേസ് എടുക്കുകയും സർക്കാർ,തദ്ദേശ സ്ഥാപനങ്ങൾ എന്നിവ അടിയന്തിരമായി ചെയ്യേണ്ട നിർദ്ദേശങ്ങൾ ഹൈക്കോടതി ഉത്തരവായി പുറപ്പെടുവിക്കുകയുണ്ടായി. ഇവയുടെ നടത്തിപ്പ് ഉറപ്പാക്കാൻ കോടതി തന്നെ സംസ്ഥാനത്ത് മൂന്ന് അമിക്കസ് ക്യറികളെ നിയമിച്ചു. എല്ലാ ജില്ലകളിലും എൽ.എസ്.ജി.ഡി ജോയിന്റ് ഡയറക്ടമാരുടെ നേതൃത്വത്തിൽ ഒരു എൻഫോഴ്സ്മെന്റ് സ്ക്വാഡും രൂപീകരിച്ചിട്ടുണ്ട്.

മാലിന്യ സംസ്കരണ രംഗത്ത് അടിയന്തിരമായി ചെയ്തു തീർക്കേണ്ട ഒരു കൂട്ടം നടപടികൾ ലോക പരിസ്ഥിതി ദിനമായ ജൂൺ 5-നകം പൂർത്തിയാക്കണം എന്നാണ് കോടതി നിർദ്ദേശിച്ചിട്ടുള്ളത്. 2024 മാർച്ചോടുകൂടി കേരളം ആകെ മാലിന്യ മുക്തമാക്കണമെന്ന സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിലേക്കായി "മാലിന്യ മുക്തം നവകേരളം" ക്യാമ്പെയ്ൻ അരങ്ങേറിയിരിക്കുകയാണ് . ഇതുമായി ബന്ധപ്പെട്ട നടപടികളുടെ ആദ്യ ഘട്ടം ജൂൺ 5 നകം പൂർത്തീകരിക്കണം.

ഈ നടപടികൾ ഫലപ്രദമായി ചെയ്തോ എന്നത് ഒരു ജനകീയ വിലയിരുത്തലിലൂടെ പരിശോധിക്കാം എന്നത് സർക്കാർ ഉത്തരവിലും തുടർന്നുള്ള കോടതി വിധിയിലും വ്യക്തമായിട്ടുണ്ട്. അടിയന്തിരമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നടപടികൾ സ്വീകരിച്ചോ എന്ന് ഉറപ്പാക്കാനുള്ള ജനകീയ ഓഡിറ്റ് ***2023 ജൂൺ 12 മുതൽ*** നടത്തുക

എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതോടൊപ്പം മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങളുടെ വിലയിരുത്തലും നടത്തുന്നതിനും ആലോചിച്ചിട്ടുണ്ട്.

ഈ പശ്ചാത്തലത്തിലാണ് ജനകീയ ഓഡിറ്റ് എങ്ങനെ സംഘടിപ്പിക്കാം എന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്.

## 2. ജനകീയ ഹരിത ഓഡിറ്റ് ലക്ഷ്യങ്ങൾ

- നവകേരളം വൃത്തിയുള്ള കേരളം ക്യാമ്പെയിന്റെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മാലിന്യ സംസ്കരണ രംഗത്തും, ശുചിത്വ രംഗത്തും നടപ്പിലാക്കിയിട്ടുണ്ടോ എന്നത് ജനകീയ പരിശോധനയ്ക്ക് വിധേയമാക്കുക.
- റസിഡന്റ്സ് അസോസിയേഷനുകൾ, കുടുംബശ്രീകൾ, വ്യാപാരി വ്യവസായി സംഘടനകൾ തുടങ്ങി കഴിയാവുന്നത്ര സാമൂഹിക സംഘടനകളുടെയും സിവിൽ സമൂഹ സംഘടനകളുടെയും പങ്കാളിത്തത്തോടെ മാലിന്യ പരിപാലന പ്രവർത്തനങ്ങളെ ജനകീയമായി വിലയിരുത്തുക.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മാലിന്യ പരിപാലന പ്രവർത്തനങ്ങൾ സുതാര്യവും കാര്യക്ഷമവും ആക്കുക.
- മാലിന്യ പരിപാലനം സംബന്ധിച്ച ജനകീയ വിദ്യാഭ്യാസത്തിന്റെ ഉപാധിയായി ജനകീയ ഓഡിറ്റിനെ മാറ്റുക.

ഹരിത ഓഡിറ്റ് എന്നത് സുസ്ഥിര വികസനത്തിലേക്കുള്ള പാതയിൽ കാർബൺ പാദമുദ്ര കുറച്ചുകൊണ്ടുവരുന്ന തരത്തിലുള്ള സമഗ്ര ആസൂത്രണത്തിന്റെ വിലയിരുത്തലാണ്. അതിന്റെ ആദ്യപടിയിൽ മാലിന്യ പരിപാലന മേഖലയിലെ ഓഡിറ്റിനെ കാണാം.

## 3. ജനകീയ ഹരിത ഓഡിറ്റ് സമിതി രൂപീകരണം

ജനകീയ ഓഡിറ്റ് സമിതി രൂപീകരണം. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും 12 അംഗങ്ങൾ ഉള്ള ഒരു സോഷ്യൽ ഓഡിറ്റ് സമിതി രൂപീകരിക്കാം. ഇവയിലേക്കുള്ള അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിന് രണ്ട് രീതികൾ അവലംബിക്കാം.

1. **നാമനിർദ്ദേശം** - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് താഴെ പറയുന്ന വിഭാഗങ്ങളിൽ നിന്ന് അവരുടെ പ്രതിനിധികളെ ജനകീയ ഓഡിറ്റ് സമിതിയിലേക്ക് നാമനിർദ്ദേശം ചെയ്യാൻ അതത് സംവിധാനങ്ങളോട് ആവശ്യപ്പെടാം.

   1) വ്യാപാരി വ്യവസായി സംഘടനകൾ.

   2) ആരോഗ്യ- ശുചിത്വ വർക്കിംഗ് ഗ്രൂപ്പ്.

   3) ഗ്രീൻ അംബാസിഡർ.

   4) ആശ വർക്കർമാർ.

   5) റെസിഡന്റ്സ് അസോസിയേഷനുകൾ.

   6) തൊഴിലുറപ്പ് തൊഴിലാളികൾ (നഗരങ്ങളിൽ അയ്യൻകാളി തൊഴിലുറപ്പ്

പദ്ധതി).

7) ലൈബ്രറി കൌൺസിൽ തദ്ദേശ സ്ഥാപനതല നേതൃത്വ സമിതി.

8) തദ്ദേശ സ്ഥാപന പരിധിയിലെ NSS യൂണിറ്റിലെ പ്രവർത്തകർ.

9) പെൻഷൻ സംഘടനകൾ.

10) ക്യാമ്പയിന്റെ ഭാഗമായി പ്രവർത്തിക്കുന്ന യുവജന പ്രവർത്തകർ

മേൽ സൂചിപ്പിച്ച എല്ലാ വിഭാഗങ്ങളിൽ നിന്നും ഒരാളെ ആയിരിക്കണം അതത് സംവിധാനങ്ങൾ നാമ നിർദ്ദേശം ചെയ്യേണ്ടത്. അതത് സംവിധാനങ്ങളുടെ തദ്ദേശ സ്ഥാപനതല ചുമതലക്കാർക്ക് തദ്ദേശ സ്ഥാപന സെക്രട്ടറി കത്ത് നൽകിയാകണം നാമനിർദ്ദേശം സ്വീകരിക്കേണ്ടത്. ഇതോടൊപ്പം ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും കില, നവകേരളം കർമ്മപദ്ധതി, ശുചിത്വ മിഷൻ എന്നിവയിലെ ഒന്നിൽ കൂടാത്ത റിസോഴ്സ് പേഴ്സൺമാരെ ഓഡിറ്റ് സമിതിയിൽ ഉൾപ്പെടുത്താം.

2. **സ്വയം അപേക്ഷിക്കുന്നവർ** - ഇതോടൊപ്പം കുടുംബശ്രീ/ ഓക്സിലറി ഗ്രൂപ്പ്, സന്നദ്ധ സംഘടനകൾ, പത്രമാധ്യമങ്ങൾ, ഓൺലൈൻ ഗ്രൂപ്പുകൾ എന്നിവ വഴി അപേക്ഷ സ്വീകരിച്ച് വിവിധ മേഖലകളെ പ്രതിനിധീകരിക്കുന്ന 4 പേരെ കൂടി സമിതിയിൽ ഉൾപ്പെടുത്താം. സ്ത്രീകളുടെ തുല്യപങ്കാളിത്തം സമിതിയിൽ ഉറപ്പാക്കണം. യുവാക്കൾക്കും മുൻഗണന നൽകണം.

തൊഴിലുറപ്പ പദ്ധതി, സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ബ്ലോക്ക്, വില്ലേജ് റിസോഴ്സ് പേഴ്സൺമാർ ഈ സമിതികളിൽ നിർബന്ധിത അംഗങ്ങളാകണം. കില, നവകേരളം കർമ്മ പദ്ധതി, ശുചിത്വ മിഷൻ റിസോഴ്സ് പേഴ്സൺമാരിലൊരാൾ ആയിരിക്കണം ഈ സമിതിയുടെ കോർഡിനേറ്ററും, തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ് വിഭാഗത്തിലെ വില്ലേജ് റിസോഴ്സ് പേഴ്സൺ ഇതിന്റെ അസിസ്റ്റന്റ് കോർഡിനേറ്ററുമായി പ്രവർത്തിക്കാവുന്നതുമാണ്. ജനകീയ ഓഡിറ്റ് പ്രവർത്തനങ്ങളെ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ ഭാഗത്തു നിന്ന് സഹായിക്കാൻ മാലിന്യ സംസ്കരണത്തിനായി ചുമതലപ്പെടുത്തിയ നോഡൽ ഓഫീസറെ തന്നെ ചുമതലപ്പെടുത്താം. ഇതിന് ആവശ്യമായ ചിലവുകൾ നിർവ്വഹിക്കാൻ പദ്ധതി രൂപീകരണത്തിനായി മാറ്റി വച്ച പണം ഉപയോഗിക്കാവുന്നതാണ്. നാമനിർദ്ദേശം ചെയ്യപ്പെട്ടവരും സ്വയം അപേക്ഷിക്കുന്നവരും ഉൾപ്പെടെ 15 പേരിൽ കൂടാത്തത് ആയിരിക്കണം ഗ്രാമപഞ്ചായത്ത്തല ജനകീയ ഓഡിറ്റ് സമിതി.

**3.നഗരസഭ/കോർപ്പറേഷൻ തല ഓഡിറ്റ് സമിതി** — കോർപ്പറേഷനുകളിലും വലിയ നഗരസഭകളിലും ഒന്നിലധികം ഓഡിറ്റ് സമിതികൾ ആവശ്യമാകും. 30 ഡിവിഷനുകൾ വരെ ഉള്ള നഗരസഭകൾക്ക് ഒരു ഓഡിറ്റ് സമിതി മതിയാകും 30-നു മുകളിലുള്ള നഗരസഭകൾക്ക് 20 ഡിവിഷനുകൾക്ക് ഒന്ന് എന്ന നിലയിൽ ഓഡിറ്റ് സമിതികൾ രൂപീകരിക്കാം. കോർപ്പറേഷനുകളിൽ 20 ഡിവിഷനുകൾക്ക് ഒന്ന് എന്ന മാനദണ്ഡം പിന്തുടരാം. കോർപ്പറേഷൻ/നഗരസഭ ഓഡിറ്റ് സമിതികളിൽ ഓരോന്നും 20 പേരെ വരെ അംഗങ്ങൾ ആക്കാം. മുകളിൽ സൂചിപ്പിച്ച വിഭാഗങ്ങൾക്ക് പുറമേ NSS, NCC എന്നിവയിലെ 5 പ്രതിനിധികളെ

കൂടി നഗരസഭ, കോർപ്പറേഷൻ തല സമിതിയിൽ അംഗങ്ങളാക്കാം. മേൽ സൂചിപ്പിച്ച വിഭാഗങ്ങളിൽ നിന്ന് നഗരസഭ/കോർപ്പറേഷനുകളിലെ സോഷ്യൽ ഓഡിറ്റ് സമിതികളുടെ എണ്ണത്തിനു ആനുപാതികമായി അതത് സെക്രട്ടറിമാർ നാമനിർദ്ദേശം സ്വീകരിക്കണം. നഗരസഭ/കോർപ്പറേഷനുകളിൽ കുടുംബശ്രീ ഗ്രീൻ അംബാസിഡർ/ഓക്സിലറി ഗ്രൂപ്പ് അംഗങ്ങളായിരിക്കണം അസിസ്റ്റന്റ് കോർഡിനേറ്ററായി പ്രവർത്തിക്കേണ്ടത്. കില, നവകേരളം കർമ്മ പദ്ധതി, ശുചിത്വ മിഷൻ റീസോഴ്സ് പേഴ്സൺമാരിലൊരാൾ ആയിരിക്കണം ഈ സമിതിയുടെ കോർഡിനേറ്റർ.

ഒന്നിലധികം സമിതികൾ വരുന്ന വലിയ നഗരസഭകളിലും കോർപ്പറേഷനുകളിലും ഓരോ സമിതിയുടെയും കോർഡിനേറ്ററെയും അസിസ്റ്റന്റ് കോർഡിനേറ്ററെയും ഉൾപ്പെടുത്തി ഒരു ഏകോപന സമിതി രൂപീകരിക്കണം. കില, നവകേരളം കർമ്മ പദ്ധതി, ശുചിത്വമിഷൻ എന്നിവയുടെ റിസോർഴ്സ് പേഴ്സൺമാരിലൊരാൾ ഈ ഏകോപനസമിതിയുടെ കോർഡിനേറ്ററായി പ്രവർത്തിക്കണം.

## 4. ജനകീയ ഓഡിറ്റ് രീതികൾ

ജനകീയ ഓഡിറ്റിന് വൈവിധ്യമാർന്ന രീതികൾ സ്വീകരിക്കാം

1) വിവിധ സംവിധാനങ്ങൾക്കകത്തെ സ്വയം വിലയിരുത്തൽ.

2) വിവിധ സ്റ്റേക്ക്ഹോൾഡർ ഗ്രൂപ്പുകൾക്ക് ഇടയിൽ നിശ്ചിത സൂചകങ്ങൾ വെച്ച്കൊണ്ടുള്ള ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ.

3) വാർഡ്/ഗ്രാമസഭകൾ എന്നിവിടങ്ങളിൽ സോഷ്യൽ ഓഡിറ്റ് സമിതിയുടെ നിരീക്ഷണങ്ങൾ അവതരിപ്പിച്ചുകൊണ്ടുള്ള ജനകീയ ഓഡിറ്റ്.

4) തദ്ദേശ സ്ഥാപനതലത്തിൽ മാലിന്യവുമായി ബന്ധപ്പെട്ട എല്ലാ സ്റ്റേക്ക്ഹോൾഡർ ഗ്രൂപ്പുകളുടെ പങ്കാളിത്തത്തോടെ തദ്ദേശ സ്ഥാപനതല സോഷ്യൽ ഓഡിറ്റ് സമിതി തയ്യാറാക്കിയ റിപ്പോർട്ട് അവതരിപ്പിച്ചുള്ള സോഷ്യൽ ഓഡിറ്റ്.

### 4.1. ജനകീയ ഓഡിറ്റ് സൂചകങ്ങൾ

ജനകീയ ഓഡിറ്റിനു പൊതുവിൽ താഴെ പറയുന്ന സൂചകങ്ങൾ അവലംബിക്കാം.

1) വീട്ടുകളിലും സ്ഥാപനങ്ങളിലും ഉറവിടമാലിന്യ സംസ്കരണം ഉറപ്പാക്കാൻ സ്വീകരിച്ച നടപടികൾ.

2) കമ്മ്യൂണി കമ്പോസ്റ്റിംഗ് സംവിധാനം ആവശ്യമായ ഇടങ്ങളിൽ അതിനു സ്വീകരിച്ച നടപടികൾ.

3) വീടുകൾ, സ്ഥാപനങ്ങൾ എന്നിവടങ്ങളിൽ നിന്ന്1 0 0 % തരംതിരിച്ചുള്ള അജൈവമാലിന്യ ശേഖരണം ഉറപ്പാക്കാൻ സ്വീകരിച്ച നടപടികൾ.

4) മിനി MCF, MCF, MRF എന്നിവ ആനുപാതികമായി സ്ഥാപിക്കുന്നതിനും നിലവിലുള്ളവയുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും സ്വീകരിച്ച നടപടികൾ.

5) മാലിന്യക്കൂമ്പാരങ്ങൾ നീക്കം ചെയ്യുന്നതിനു സ്വീകരിച്ച നടപടികൾ.

6) ജലാശയങ്ങളിലെ മാലിന്യങ്ങൾ നീക്കം ചെയ്യാനും ജലാശയ ശുചീകരണത്തിനും സ്വീകരിച്ച നടപടികൾ.

7) വിവിധ തരം നിയമലംഘനങ്ങൾക്ക് എതിരെ സ്വീകരിച്ച നടപടികൾ.

8) മാലിന്യപരിപാലനം സംബന്ധിച്ച ജനകീയ വിദ്യാഭ്യാസത്തിനു സ്വീകരിച്ച നടപടികൾ.

***മേൽ സൂചിപ്പിച്ച ഓരോ കാര്യത്തിനും 2023 മാർച്ച് 31 ന മുൻപത്തെ സ്ഥിതി അതിനു ശേഷമുള്ള മാറ്റം, നിലവിലെ വിടവ് എന്നിവ സൂചിപ്പിക്കുന്നതായിരിക്കണം സോഷ്യൽ ഓഡിറ്റ്-ന്റെ ഉള്ളടക്കം. (ഓരോ വിഷയവുമായി ബന്ധപ്പെട്ട സൂക്ഷ്മ വിവരങ്ങൾ വിവരശേഖരണം എന്ന ഭാഗത്ത് നൽകിയിരിക്കുന്നു.)***

## 5. ജനകീയ ഓഡിറ്റ് പ്രക്രിയ

ജനകീയ ഹരിത ഓഡിറ്റിനു താഴെ പറയുന്ന പ്രക്രിയകൾ അവലംബിക്കാം.

1) തദ്ദേശ സ്ഥാപനതല ഓഡിറ്റ് സമിതി രൂപീകരണം

2) ജനകീയ വിവരശേഖരണം.

3) സ്വയം വിലയിരുത്തൽ.

4) ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ വഴിയുള്ള സോഷ്യൽ ഓഡിറ്റ്.

5) സാമ്പിൾ സർവ്വേകൾ.

6) ക്രോഡീകൃത റിപ്പോർട്ടുകൾ തയ്യാറാക്കൽ.

7) തദ്ദേശ സ്ഥാപന തല ജനകീയ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കൽ.

8) ജനകീയ ഓഡിറ്റ് റിപ്പോർട്ട് അവതരണവും ഓഡിറ്റും.

9) തുടർ ഓഡിറ്റുകൾ.

സോഷ്യൽ ഓഡിറ്റ് പ്രകിയയുടെ ഭാഗമായ ഘടകങ്ങൾ താഴെ വിശദമായി വിവരിക്കുന്നു.

### 5.1. ജനകീയ ഓഡിറ്റ് സമിതി രൂപീകരണം(ഈ പ്രക്രിയ മുകളിൽ വിശദമായി വിവരിച്ചിരിക്കുന്നു.)

### 5.2. ജനകീയ ഓഡിറ്റിനായുള്ള വിവരശേഖരണം

ജനകീയ ഓഡിറ്റിനായുള്ള വിവര ശേഖരണത്തിന് വ്യത്യസ്ത രീതികൾ സ്വീകരിക്കാം

#### 5.2.1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഔദ്യോഗിക വിവരങ്ങളുടെ ശേഖരണം

തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാരിൽ നിന്നും മാർച്ച്3 1 മുതൽ ജൂൺ ആദ്യം വരെ മാലിന്യ സംസ്കരണ രംഗത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ, കണക്കുകൾ എന്നിവ ജനകീയ സോഷ്യൽ ഓഡിറ്റ് സമിതി ശേഖരിക്കണം. അതിൽ താഴെ പറയുന്ന വിവരങ്ങൾ ഉൾപ്പെടുത്താം

#### 5.2.1.1. നിയമലംഘനങ്ങൾക്ക് എതിരെയുള്ള നടപടികൾ

| ക്രമ നമ്പർ | നിയമ ലംഘനങ്ങൾ | സ്വീകരിച്ച നടപടികളുടെ എണ്ണം | ഈടാക്കിയ പിഴ(തുക) |
|---|---|---|---|
| 1 | നിരോധിച്ച പ്ലാസ്റ്റിക്ക് ഉപയോഗം | | |
| 2 | മാലിന്യങ്ങൾ കത്തിക്കൽ | | |
| 3 | മാലിന്യങ്ങൾ പൊതുഇടത്ത് കുന്നുകൂട്ടി ഇടൽ | | |
| 4 | മാലിന്യങ്ങൾ അലക്ഷ്യമായി വലിച്ചെറിയൽ | | |
| 5 | ഹരിത കർമ്മ സേനക്ക് അജൈവ മാലിന്യം നൽകാതിരിക്കൽ | | |
| 6 | ഉറവിട ജൈവ മാലിന്യ സംസ്കരണ ഉപാധികൾ സ്ഥാപിക്കാൻ | | |

| | | | |
|---|---|---|---|
| | തയ്യാറാകാതിരിക്കൽ | | |
| 7 | ജൈവ, അജൈവ മാലിന്യങ്ങൾ വേർതിരിച്ച് സൂക്ഷിക്കാതിരിക്കൽ | | |
| 8 | ജലാശയങ്ങളിലേക്ക് ദ്രവ / ഖര മാലിന്യങ്ങൾ ഒഴുക്കൽ, നിക്ഷേപിക്കൽ മുതലായവ | | |
| 10 | ഹരിത കർമ്മസേന അംഗങ്ങളോട് മോശമായി പെരുമാറൽ | | |

**5.2.1.2 ഉറവിട ജൈവ മാലിന്യ സംസ്കരണത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനം സ്വീകരിച്ച നടപടികൾ**

| ക്രമ നമ്പർ | വിവിധ തലങ്ങൾ | ആവശ്യമായ സംവിധാനങ്ങൾ(എണ്ണം) | 2023 മാർച്ച് 31 ലെ സ്ഥിതി (എണ്ണത്തിൽ) | പുതുതായി ഒരു ക്കിയ സംവിധാനങ്ങൾ(എണ്ണം) | നിലവിലെ വിടവ് |
|---|---|---|---|---|---|
| 1 | ഗാർഹികം | | | | |
| 2 | സ്ഥാപനതലം | | | | |
| 3 | കമ്മ്യൂണി തലം | | | | |

**5.2.1.3. അജൈവ മാലിന്യ ശേഖരണം മെച്ചപ്പെടുത്താൻ സ്വീകരിച്ച നടപടികൾ**

| ക്രമ നമ്പർ | അടിസ്ഥാന സൗകര്യങ്ങൾ | ആവശ്യമായ സംവിധാനങ്ങൾ(എണ്ണം) | 2023 മാർച്ച് 31-ലെ സ്ഥിതി(എണ്ണത്തിൽ) | പുതുതായി ഒരുക്കിയ സംവിധാനങ്ങൾ(എണ്ണം) | നിലവിലെ വിടവ് |
|---|---|---|---|---|---|
| 1 | മിനി എം.സി. | | | | |

| | | | | | |
|---|---|---|---|---|---|
| | എഫ് | | | | |
| 2 | എം.സി.എഫ് | | | | |
| 3 | എം.ആർ.എഫ് | | | | |
| 4 | വാഹനങ്ങൾ ലഭ്യമാക്കൽ | | | | |
| 5 | സുരക്ഷ ഉപകരണങ്ങൾ ലഭ്യമാക്കൽ | | | | |

### 5.2.1.4. അജൈവ മാലിന്യ ശേഖരണത്തിലെ വിടവ് നികത്താൻ സ്വീകരിച്ച നടപടികൾ

| ക്രമ നമ്പർ | വിവിധ തലങ്ങൾ | 2023 മാർച്ച് 31ലെ സ്ഥിതി(എണ്ണത്തിൽ) | അതിനു ശേഷമുള്ള പുരോഗതി(എണ്ണത്തിൽ) | നിലവിലെ വിടവ്(എണ്ണത്തിൽ) |
|---|---|---|---|---|
| **1** | ഗാർഹികം | | | |
| **2** | സ്ഥാപനം | | | |
| **3** | **ബൾക്ക് ജനറേറ്റേഴ്സ്**<br>1) കല്യാണ മണ്ഡപങ്ങൾ | | | |
| | 2) ലോഡ്ജ്കൾ | | | |
| | 3) ആശുപത്രികൾ | | | |
| | 4) സ്കൂളുകൾ | | | |
| | 5) ഭക്ഷണ ശാലകൾ | | | |
| | | | | |

| | | | | |
|---|---|---|---|---|
| | 6)മറ്റുള്ളവ | | | |

**5.2.1.5. ശേഖരിച്ച അജൈവ മാലിന്യങ്ങൾ തരം തിരിച്ച് കൈമാറുന്നതിന് സ്വീകരിച്ച നടപടികൾ(2023 മാർച്ച് 31 ന ശേഷം)**

| ക്രമ നമ്പർ | കൈമാറിയ ഇനം | അളവ്(കിലോ ഗ്രാമിൽ ) | കൈമാറിയ സ്ഥാപനം/ഏജൻസി |
|---|---|---|---|
| 1 | | | |
| 2 | | | |
| 3 | | | |
| 4 | | | |
| 5 | | | |
| 6 | | | |

**5.2.1.6. ഗ്രീൻ പ്രോട്ടോക്കോൾ നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ**

| ക്രമ നമ്പർ | വിഷയം | നടപടി |
|---|---|---|
| 1 | ഒറ്റതവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് നിരോധിക്കൽ | |
| 2 | ചടങ്ങുകൾക്ക് ബദൽ സംവിധാനം ലഭ്യമാക്കൽ | |

| | | |
|---|---|---|
| 3 | ജനകീയ വിദ്യാഭ്യാസ പരിപാടി | |
| 4 | **ബൾക്ക് ജനറേറ്റേഴ്സിന് നോട്ടീസ് നൽകൽ**<br><br>1) കല്യാണ മണ്ഡപങ്ങൾ | |
| | 2) ലോഡ്ജ്കൾ | |
| | 3) ആശുപത്രികൾ | |
| | 4) സ്കൂളുകൾ | |
| | 5) ഭക്ഷണ ശാലകൾ | |
| | 6) മറ്റുള്ളവ | |

**5.2.1.7. ക്യാമ്പയിന്റെ ഭാഗമായി നടന്ന പ്രവർത്തനങ്ങൾ**

| ക്രമ നമ്പർ | പ്രവർത്തനം | എണ്ണം | പങ്കാളിത്തം |
|---|---|---|---|
| 1 | തദ്ദേശ സ്ഥാപനതല സംഘാടക സമിതി | | |
| 2 | തദ്ദേശ സ്ഥാപന തല ശില്പശാല | | |
| 3 | വാർഡ്/ഡിവിഷൻ സംഘാടക സമിതികൾ | | |
| 4 | **ബൾക്ക് ജനറേറ്റേഴ്സ് യോഗങ്ങൾ** | | |

| | | | |
|---|---|---|---|
| | കല്യാണ മണ്ഡപങ്ങൾ | | |
| | ലോഡ്ജ്കൾ | | |
| | ആശുപത്രികൾ | | |
| | സ്കൂളുകൾ | | |
| | ഭക്ഷണ ശാലകൾ | | |
| | മറ്റുള്ളവ | | |
| 5 | **സൂക്ഷ്മതല യോഗങ്ങൾ**<br><br>1)റെസിഡൻസ് അസോസിയേഷനുകൾ | | |
| | 2)കുടുംബശ്രീ യൂണിറ്റുകൾ | | |
| | 3)പൊതു അയൽകൂട്ടങ്ങൾ | | |
| | 4)സ്ഥാപനതല യോഗങ്ങൾ | | |
| | 5)തൊഴിലുറപ്പ് തൊഴിലാളി യോഗങ്ങൾ | | |
| | 6)വ്യാപാരി വ്യവസായി യൂണിറ്റുകൾ | | |
| | 7)കുട്ടികളുടെ യോഗങ്ങൾ | | |
| | | | |

| | | | |
|---|---|---|---|
| | 8) ആരോഗ്യപ്രവർത്തകരുടെ യോഗങ്ങൾ | | |
| | 9) യുവജനങ്ങളുടെ യോഗങ്ങൾ | | |
| 6 | ഭവന സന്ദർശനങ്ങൾ | | |
| 7 | സ്ഥാപന സന്ദർശനങ്ങൾ | | |
| 8 | മാലിന്യ കൂമ്പാരങ്ങൾ നീക്കൽ | | |
| 9 | ജലാശയ ശുചീകരണങ്ങൾ | | |
| 10 | പൊതുയിട ശുചീകരണങ്ങൾ | | |

5 . 3 **സ്വയംവിലയിരുത്തൽ-** വിവിധ ജനകീയ സംഘടനാ സംവിധാനങ്ങൾക്ക് സ്വയം പരിശോധിക്കാവുന്ന ചെക്ക് ലിസ്റ്റുകൾ നൽകി അവരവരുടെ പ്രവർത്തന മേഖലയിലെ മാലിന്യ സംസ്കരണത്തിന്റെ അവസ്ഥ അവർക്ക് സ്വയം രേഖപ്പെടുത്താവുന്ന സ്ഥിതിയിലാകണം ഇത് തയ്യാറാക്കേണ്ടത്. 2023 മാർ ച്ച് 3 1 ന് ശേഷം സ്വീകരിച്ച നടപടികളെ പ്രത്യേകം രേഖപ്പെടുത്താനുള്ള ഇടവും ഇതിൽ നൽകാം. ആ പ്രദേശത്തെ മാലിന്യ സംസ്കരണ രംഗത്തെ നേട്ടങ്ങൾ, പരിമിതികൾ, നിർദ്ദേശങ്ങൾ എന്നിവ രേഖപ്പെടുത്താനുള്ള ഭാഗവും ഈ പരിശോധന ഉപാധിയിൽ നൽകാം. താഴെ പറയുന്ന ഗ്രൂപ്പുകളിൽ ഈ സ്വയം വിലയിരുത്തൽ പ്രക്രിയ നടത്താം.

a. കുടുംബശ്രീ അയൽക്കൂട്ടങ്ങൾ.

b. റസിഡന്റ്സ് അസോസിയേഷനുകൾ.

c. വ്യാപാരി വ്യവസായ സംഘടന സമിതികൾ.

d. വിദ്യാലയങ്ങൾ.

e. ആശുപത്രികൾ.

f. തൊഴിലുറപ്പ് തൊഴിലാളി വാർഡ് തല കൂട്ടങ്ങൾ.

g. ഹോട്ടൽ ആന്റ് റസ്റ്റോറന്റുകൾ എന്നിവരുടെ സംഘടന.

h. കല്യാണ മണ്ഡപങ്ങൾ, മാളുകൾ.

i. പ്രദേശത്തെ സർക്കാർ ഓഫീസുകൾ.

വിദ്യാലയങ്ങൾ, ആശുപത്രികൾ, മാളുകൾ, കല്യാണ മണ്ഡപങ്ങൾ മുതലായവയ്ക്ക് പ്രത്യേക ഉപാധികൾ വികസിപ്പിക്കാം. തൊഴിലുറപ്പ തൊഴിലാളികളെ സംബന്ധിച്ച തങ്ങളുടെ വാർഡിലെ ജലാശയങ്ങൾ, തെരുവുകൾ, പൊതു ഇടങ്ങൾ മുതലായവയെ വിശകലനം ചെയ്യാനുള്ള ഉപാധികൾ നൽകാം. സ്വയം വിലയിരുത്തലുകളുടെ റിപ്പോർട്ടുകൾ തദ്ദേശ സ്ഥാപനതല സമിതി ശേഖരിച്ച വാർഡ്, തദ്ദേശ സ്ഥാപനതലത്തിൽ ക്രോഡീകരിക്കണം.

### 5.4. ഫോക്കസ് ഗ്രൂപ്പ് ചർച്ചകളിലെ ജനകീയ ഓഡിറ്റ്

മാലിന്യ പരിപാലനത്തിനു സ്വീകരിച്ച നടപടികൾ, നേരിട്ട പ്രതിബന്ധങ്ങൾ, നിലവിലെ വിടവുകൾ, പരിഹാര നിർദ്ദേശങ്ങൾ എന്നിവ മനസിലാക്കുന്നതിനു റസിഡന്റ് അസോസിയേഷൻ പ്രതിനിധികൾ, കുടുംബശ്രീ പ്രവർത്തകർ, തൊഴിലുറപ്പ് തൊഴിലാളികൾ, ഹരിത കർമ്മ സേന അംഗങ്ങൾ, വ്യാപാരി വ്യവസായി പ്രതിനിധികൾ, സ്ഥാപന മാനേജ്മെന്റ് കമ്മിറ്റികൾ, കുടുംബശ്രീ യൂണീറ്റുകൾ, ആരോഗ്യ പ്രവർത്തകർ എന്നിവരുമായി ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ തദ്ദേശ സ്ഥാപന തല ജനകീയ ഓഡിറ്റ് സമിതികളുടെ നേതൃത്വത്തിൽ നടത്താം. ഓരോ സംവിധാനങ്ങളുടെയും എണ്ണത്തിനാനുപാതികമായി ഫോക്കസ് ഗ്രൂപ്പ് ചർച്ചകളുടെ എണ്ണം തീരുമാനിക്കാം. സോഷ്യൽ ഓഡിറ്റ് സമിതി അംഗങ്ങളാകണം ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾക്ക് നേതൃത്വം നൽകേണ്ടത്. ഈ റിപ്പോർട്ടുകളും ക്രോഡീകൃത റിപ്പോർട്ടിൽ ഉൾപ്പെടുത്താം.

### 5.5. സാമ്പിൾ സർവ്വേകൾ

ഔദ്യോഗിക വിവരശേഖരണം, സ്വയം വിലയിരുത്തൽ, ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ എന്നിവക്കൊപ്പം ഓരോ തദ്ദേശ സ്ഥാപനത്തിലേയും ജനകീയ ഓഡിറ്റ് സമിതികൾക്ക് എൻ.എസ്.എസ് യൂണിറ്റുകളിലെ വിദ്യാർത്ഥികൾ, കുടുംബശ്രീ ഓക്സിലറി ഗ്രൂപ്പ് അംഗങ്ങൾ എന്നിവരെ ഉപയോഗിച്ച് സാമ്പിളുകൾ തിരഞ്ഞെടുത്ത് പരിശോധന നടത്താം.

ഓരോ വാർഡിലും സാമ്പിൾ വീടുകൾ, സ്ഥാപനങ്ങൾ, പൊതു ഇടങ്ങൾ എന്നിവയിൽ നിശ്ചിത ഉപാധികളുടെ അടിസ്ഥാനത്തിൽ വിവരങ്ങൾ ശേഖരിച്ച് അവയെ ക്രോഡീകരിച്ച് റിപ്പോർട്ടുകൾ തയ്യാറാക്കാം. തദ്ദേശ സ്ഥാപനത്തെ വാർഡ് അടിസ്ഥാനത്തിൽ ക്ലസ്റ്ററുകൾ ആക്കി തിരിച്ച് ഓരോ ക്ലസ്റ്ററുകളിൽ നിന്നും സാമ്പിൾ ആയി വിവരങ്ങൾ ശേഖരിക്കാം. ഈ റിപ്പോർട്ട് തദ്ദേശ സ്ഥാപന തല സോഷ്യൽ ഓഡിറ്റ് സമിതികൾക്ക് നൽകുകയും ജനകീയ ഓഡിറ്റ് റിപ്പോർട്ട് പൊതുവേദിയിൽ വിദ്യാർത്ഥികൾ/ഓക്സിലറി ഗ്രൂപ്പ് അംഗങ്ങൾ അവതരിപ്പിക്കുകയും ചെയ്യാം. എൻ.എസ്.എസ് യൂണിറ്റുകൾ, ഓക്സിലറി ഗ്രൂപ്പുകൾ എന്നിവ തയ്യാറാക്കുന്ന റിപ്പോർട്ടുകൾ അവരവരുടെ വേദികളിൽ ചർച്ച ചെയ്യുകയും ചെയ്യാം .പുതുതലമുറയിൽ മാലിന്യ സംസ്കരണം സംബന്ധിച്ച് ഉത്തരവാദിത്തം സൃഷ്ടിക്കാൻ ഇത് സഹായിക്കും.

### 5.6. ക്രോഡീകൃത റിപ്പോർട്ടുകൾ തയ്യാറാക്കൽ

മേൽ സൂചിപ്പിച്ച പ്രക്രിയകൾ പൂർത്തിയായാൽ വിവിധ സ്രോതസ്സുകളിൽ നിന്ന് ലഭിച്ച വിവരങ്ങൾ,ജനകീയ വിലയിരുത്തൽ എന്നിവ ക്രോഡീകരിച്ച വാർഡ്, തദ്ദേശ സ്ഥാപനതല റിപ്പോർട്ട് തയ്യാറാക്കണം.

### 5.6.1. വാർഡ് തല ക്രോഡീകരണം

വിവിധ തലങ്ങളിൽ നടത്തുന്ന സ്വയം വിലയിരുത്തലിന്റെ വിവരങ്ങൾ വാർഡ് തല ശുചിത്വ പോഷണ സമിതികൾ വഴി ക്രോഡീകരിക്കാം. കുടുംബശ്രീയുടെ ക്രോഡീകരണം എ.ഡി.എസുകൾ വഴി നടത്താം. ഓരോ കാര്യത്തിലേയും നിലവിലെ സ്ഥിതി, മാർച്ച് മുതൽ ജൂൺ വരെയുള്ള കാലയളവിൽ സ്വീകരിച്ച നടപടികൾ, ഓരോ പ്രദേശത്തും നിരീക്ഷിച്ച പ്രശ്നങ്ങൾ, പരിഹാര നിർദ്ദേശങ്ങൾ എന്നിവ ക്രോഡീകരിക്കാവുന്ന തരത്തിലാകണം ഉപാധികൾ തയ്യാറാക്കേണ്ടത്. ഫോക്കസ് ഗ്രൂപ്പ് ചർച്ചകളുടെ വിവരങ്ങളും ഇത്തരത്തിൽ ക്രോഡീകരിക്കാം.

അതാത് വാർഡിന് കീഴിൽ വരുന്ന മറ്റു സംഘടനാ സംവിധാനങ്ങൾ വാർഡിനുള്ളിൽ നിന്ന് ശേഖരിച്ച വിവരങ്ങൾ വാർഡ്തല ശുചിത്വ പോഷണ സമിതികൾ ക്രോഡീകരിക്കണം. ഇത്തരത്തിൽ നടക്കുന്ന വാർഡ്തല ക്രോഡീകരണ യോഗങ്ങളിൽ തദ്ദേശ സ്ഥാപനതല ജനകീയ ഹരിത ഓഡിറ്റ്സമിതി അംഗങ്ങൾ പങ്കെടുക്കണം. വാർഡ് സഭകളിലും ഗ്രാമസഭകളിലും അവതരിപ്പിക്കാവുന്ന ജനകീയ ഓഡിറ്റ് റിപ്പോർട്ട് ഈ സമിതിയിൽ തയ്യാറാക്കണം.

### 5.6.2. തദ്ദേശ സ്ഥാപന തല ക്രോഡീകരണം

കുടുംബശ്രീ, തൊഴിലുറപ്പ പദ്ധതി, റസിഡന്റ് അസോസിയേഷനുകൾ എന്നിവർ ശേഖരിച്ച വിവരങ്ങൾ തദ്ദേശ സ്ഥാപന തലത്തിൽ അതത് സംവിധാനങ്ങൾ വഴി ക്രോഡീകരിക്കാം. അതുപോലെ വിവിധ സംവിധാനങ്ങൾ വഴിയുള്ള സ്വയം വിലയിരുത്തലുകളും തദ്ദേശ സ്ഥാപനതലത്തിൽ ക്രോഡീകരിക്കാം. ഫോക്കസ് ഗ്രൂപ്പ് ചർച്ചകളുടെ റിപ്പോർട്ടുകളും,സാമ്പിൾ സർവ്വേ നടത്തുന്ന അവയുടെ റിപ്പോർട്ടുകളും തദ്ദേശ സ്ഥാപനതല സമിതി ക്രോഡീകരിക്കണം. ഗ്രാമ വാർഡ് സഭകളിൽ അവതരിപ്പിക്കാൻ തയ്യാറാക്കിയ റിപ്പോർട്ടുകളും ക്രോഡീകരണത്തിന് ഉപയോഗിക്കാം.

### 5.7. തദ്ദേശ സ്ഥാപന തല ജനകീയ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കൽ

തദ്ദേശ സ്ഥാപനങ്ങളിൽ നിന്ന് ഔദ്യോഗികമായി ശേഖരിച്ച വിവരങ്ങൾ വിവിധ തരം സ്റ്റേക്ക് ഹോൾഡർ ഗ്രൂപ്പുകളുടെ സ്വയം വിലയിരുത്തൽ റിപ്പോർട്ട് വിദ്യാർത്ഥികൾ/ഓക്സിലറി ഗ്രൂപ്പുകൾ എന്നിവയുടെ വിലയിരുത്തൽ റിപ്പോർട്ട്, ഫോക്കസ് ഗ്രൂപ്പ് ചർച്ച റിപ്പോർട്ടുകൾ, നവ മാധ്യമങ്ങളിലൂടെ ലഭിച്ച പ്രതികരണങ്ങൾ എന്നിവ ക്രോഡീകരിച്ച് തദ്ദേശ സ്ഥാപന തല സോഷ്യൽ ഓഡിറ്റ് സമിതി. പ്രധാന കണ്ടെത്തലുകൾ അടങ്ങിയ ക്രോഡീകൃത റിപ്പോർട്ട് തയ്യാറാക്കണം. അന്വേഷണങ്ങളിൽ ഉയർന്നു വരുന്ന തൽസ്ഥിതി, പ്രശ്നങ്ങൾ, ഇടപെടൽ നിർദ്ദേശങ്ങൾ എന്നിങ്ങനെ മൂന്ന് തലങ്ങളുമായി റിപ്പോർട്ട് തയ്യാറാക്കാം. തൽസ്ഥിതി റിപ്പോർട്ടിൽ താഴെ പറയുന്ന ഉള്ളടക്കമാകാം

- ഉറവിട ജൈവ മാലിന്യ സംസ്കരണം/വീടുകൾ, സ്ഥാപനങ്ങൾ.
- അജൈവ മാലിന്യ വാതിൽപ്പടി ശേഖരണം.
- ശേഖരിച്ച മാലിന്യങ്ങളുടെ തരം തിരിക്കൽ, കൈമാറൽ.
- എം.സി.എഫുകൾ, എം.ആർ.എഫുകൾ എന്നിവയുടെ നടത്തിപ്പ്, ശുചിത്വം.
- ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങൾ.

- നിയമ ലംഘനങ്ങൾ, തദ്ദേശ സ്ഥാപനം സ്വീകരിച്ച നടപടികൾ.
- ജലാശയങ്ങളും നീർച്ചാലുകൾ എന്നിവയുടെ ശുചിത്വ സ്ഥിതി.
- തെരുവുകൾ, പൊതു ഇടങ്ങൾ, സ്ഥാപനങ്ങൾ എന്നിവയുടെ ശുചിത്വ സ്ഥിതി എന്നിവ ഉൾപ്പെടുത്താം.

ഈ ഓരോ കാര്യവും മാർച്ചിന് ശേഷം ഉണ്ടായ മാറ്റങ്ങൾ റിപ്പോർട്ടിൽ ഉൾപ്പെടുത്താം

### 5.8. ജനകീയ ഓഡിറ്റ് റിപ്പോർട്ട് അവതരണവും ഓഡിറ്റും

ജനകീയ ഓഡിറ്റ് റിപ്പോർട്ട് തയ്യാറായി കഴിഞ്ഞാൽ വാർഡ്/ഗ്രാമസഭകളിൽ, തദ്ദേശ സ്ഥാപനതല ജനകീയ വേദിയിലും ഈ റിപ്പോർട്ട് അവതരിപ്പിക്കണം.

### 5.8.1 ഗ്രാമ / വാർഡ് സഭയിലെ ജനകീയ ഓഡിറ്റ്

ഓരോ വാർഡിലെയും സൂക്ഷ്മ തല സംവിധാനങ്ങളിലൂടെ നടത്തിയ സ്വയം വിലയിരുത്തൽ റിപ്പോർട്ടുകൾ, നവ മാധ്യമ പ്രതികരണങ്ങളിലൂടെ ക്രോഡീകരിച്ച വിവരങ്ങൾ എന്നിവ ചേർത്ത് ജനകീയ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കി വാർഡ് / ഗ്രാമ സഭകളിൽ അവതരിപ്പിക്കുന്നു. ഇത് വിശദമായ ചർച്ചകൾക്ക് വിധേയമാക്കണം. വാർഡിലെ മുഴുവൻ സൂക്ഷ്മ തല സംഘടനകളുടെയും പ്രതിനിധികളെ ഈ യോഗങ്ങളിൽ പങ്കെടുപ്പിക്കണം. അവിടെ വരുന്ന അഭിപ്രായങ്ങൾ, നിർദ്ദേശങ്ങൾ എന്നിവ ക്രോഡീകരിച്ച് തദ്ദേശ സ്ഥാപന തല സോഷ്യൽ ഓഡിറ്റ് സമിതിക്ക് നൽകണം.

### 5.8.2 തദ്ദേശ സ്ഥാപന തല ജനകീയ ഓഡിറ്റ് റിപ്പോർട്ട് അവതരണവും ജനകീയ ഓഡിറ്റും

- തദ്ദേശ സ്ഥാപന തലത്തിൽ 3 മണിക്കൂർ ലഭിക്കുന്ന തരത്തിൽ ഒരു പരിപാടി ആയി വേണം ജനകീയ ഹരിത ഓഡിറ്റ് റിപ്പോർട്ട് അവതരിപ്പിക്കാൻ. ഈ യോഗത്തിലേക്ക് തദ്ദേശ സ്ഥാപനത്തിന് അകത്തെ പരമാവധി സാമൂഹ്യ അധിഷ്ഠിത സംഘടനകൾ, പ്രവർത്തകർ, സിവിൽ സമൂഹ സംഘടനകൾ എന്നിവരെ പങ്കെടുപ്പിക്കണം കുടുംബശ്രീ, റിസിഡന്റ് അസോസിയേഷൻ, തൊഴിലുറപ്പ് തൊഴിലാളികൾ, ഹരിത കർമ്മ സേന അംഗങ്ങൾ, വ്യാപാരി വ്യവസായി സംഘടനകൾ, (ഹോട്ടൽ റെസ്റ്റോറന്റ് അസോസിയേഷൻ പ്രതിനിധികൾ, കല്യാണ മണ്ഡപങ്ങൾ, ആശുപത്രികൾ എന്നിവരുടെ ഉടമസ്ഥർ, മാർക്കറ്റുകളിലെ വ്യാപാരികൾ, മെഡിക്കൽ ഷാപ്പുകൾ, വർക്ക്ഷോപ്പുകൾ, ബ്യൂട്ടിപാർലറുകൾ, പഴയ സാധനങ്ങൾ ശേഖരിക്കുന്നവർ മുതലായ വിവിധ വ്യാപാര ഗ്രൂപ്പുകളുടെ പ്രതിനിധികൾ) പാടശേഖര സമിതി അംഗങ്ങൾ, പി.ടി.എ, ആശുപത്രി മാനേജ്മെന്റ് കമ്മിറ്റികൾ, ഭാരവാഹികൾ, അംഗൻവാടി ക്ഷേമസമിതി അംഗങ്ങൾ, സ്ഥാപന മാനേജ്മെന്റ്, കമ്മിറ്റി അംഗങ്ങൾ, സർക്കാർ ഓഫീസുകൾ, സ്ഥാപനങ്ങൾ എന്നിവയുടെ പ്രതിനിധികൾ, വാർഡ് തല ശുചിത്വ ആരോഗ്യ പോഷണ സമിതി ഭാരവാഹികൾ എന്നിവരെ ജനകീയ ഓഡിറ്റിൽ പങ്കെടുപ്പിക്കണം. ഈ യോഗത്തിൽ തദ്ദേശ സ്ഥാപന അദ്ധ്യക്ഷ/ൻ അദ്ധ്യക്ഷരാകണം. യോഗത്തിന്റെ ഉള്ളടക്കം താഴെ പറയും പ്രകാരം ആകാം
- സ്വാഗതം
- അദ്ധ്യക്ഷന്റെ ആമുഖം

- റിപ്പോർട്ട് തയ്യാറാക്കിയ പ്രക്രിയ സംക്ഷിപ്തം
- റിപ്പോർട്ടുകളുടെ അവതരണം
    - വിവിധതലങ്ങളിലെ സ്വയംവിലയിരുത്തലുകൾ
    - തദ്ദേശ സ്ഥാപനം നൽകിയ ഔദ്യോഗിക വിവരങ്ങൾ
    - സാമ്പിൾ സർവ്വേ
    - ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ

അവതരണത്തെ തുടർന്ന് ഓരോ വിഭാഗങ്ങളുടേയും പ്രതിനിധികൾക്ക് പ്രതികരിക്കാൻ സമയം നൽകാം. തുടർന്ന് ജനകീയ ഓഡിറ്റെന്ന നിലയിൽ പൊതുവായി ആളുകൾക്ക് അഭിപ്രായം പറയാൻ അവസരം നൽകാം. ഉയർന്ന് വന്ന അഭിപ്രായങ്ങളെ ക്രോഡീകരിച്ച് ജനകീയ ഓഡിറ്റ് സമിതി കോർഡിനേറ്റർ സംസാരിക്കണം. അതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള വിടവുകൾ നികത്തുന്നതിനുള്ള തുടർ നടപടികൾ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ അവതരിപ്പിക്കണം.

**6. തുടർ ഓഡിറ്റുകൾ**

ജൂൺ മാസത്തിൽ നടക്കുന്ന ജനകീയ ഓഡിറ്റിൽ കണ്ട വിടവുകൾ നികത്തുന്നതിനുള്ള വിശദമായ കർമ്മപരിപാടി തദ്ദേശ സ്ഥാപന ഭരണസമിതി തയ്യാറാക്കണം. ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ വർഷം ആദ്യ മൂന്ന് മാസത്തിൽ ഒരിക്കൽ തുടർ സോഷ്യൽ ഓഡിറ്റുകൾ നടത്തി റിപ്പോർട്ടുകൾ ജനകീയ വേദികളിൽ അവതരിപ്പിക്കണം. ജനകീയ ഓഡിറ്റ് റിപ്പോർട്ടിന്റെ സംഗ്രഹം തയ്യാറാക്കി എല്ലാ സംഘടനകൾക്കും നൽകണം. അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ കർമ്മ പരിപാടികളുടെ വിവരങ്ങളും നൽകണം. ഈ വിവരങ്ങൾ ഗ്രാമസഭകൾ, കുടുംബശ്രീ, റസിഡന്റ്സ് അസോസിയേഷൻ സ്ഥാപനതല സമിതികൾ, തൊഴിലുറപ്പ് തൊഴിലാളി, ഹരിത കർമ്മ സേന യോഗങ്ങൾ, വ്യാപാരി വ്യവസായ സംഘടന യോഗങ്ങൾ എന്നിവിടങ്ങളിൽ അവതരിപ്പിക്കണം

ശാരദ മുരളീധരൻ ഐ എ എസ്

അഡീഷണൽ ചീഫ് സെക്രട്ടറി

**അനുബന്ധം — 1**

**റസിഡന്റ്സ് അസോസിയേഷനുകൾ, കുടുംബശ്രീ**

**തൊഴിലുറപ്പ് തൊഴിലാളികളുടെ കൂട്ടായ്മ എന്നിവരുടെ സ്വയം വിലയിരുത്തൽ റിപ്പോർട്ട് ഉള്ളടക്കം**

ആകെ വീടുകൾ

സ്ഥാപനങ്ങൾ

| | ഇനം | മാർച്ച് 31-ന് മുൻപത്തെ സ്ഥിതി | നിലവിലെ അവസ്ഥ |
|---|---|---|---|
| • | ജൈവ മാലിന്യ സംസ്കരണ സംവിധാനം ഉള്ള വീടുകൾ | | |
| • | ഉറവിട ജൈവ സംസ്കരണം ഉപാധികൾ സ്ഥാപിക്കൽ | | |
| • | A. വീടുകൾ | | |
| • | B. സ്ഥാപനങ്ങൾ | | |
| • | ഉറവിടത്തിൽ മാലിന്യങ്ങൾ തരംതിരിക്കൽ | | |
| • | A. വീടുകൾ | | |
| • | B. സ്ഥാപനങ്ങൾ | | |
| • | 100 ശതമാനം അജൈവ മാലിന്യ ശേഖരണം | | |
| • | A. വീടുകൾ | | |
| • | B. സ്ഥാപനങ്ങൾ | | |

| | | | |
|---|---|---|---|
| • | ഉറവിടങ്ങളിൽ നിന്ന് തരംതിരിച്ചുള്ള അജൈവ മാലിന്യ ശേഖരണം | | |
| • | A. വീടുകൾ | | |
| • | B. സ്ഥാപനങ്ങൾ | | |
| • | തെരുവുകളിലെ മാലിന്യ കൂമ്പാരങ്ങൾ ഒഴിവാക്കൽ | | |
| • | മിനി.എം.സി.എഫുകളുടെ ശുചിത്വം | | |
| • | എം.സി.എഫുകളുടെ ശുചിത്വം | | |
| • | മിനി എം.സി.എഫുകൾ, MCF കൾ എന്നിവയുടെ ആനുപാതിക ലഭ്യത | | |
| • | മിനി എം.സി.എഫ്, എം.സി.എഫുകൾ എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം | | |
| • | ഹരിത കർമ്മസേന അംഗങ്ങൾക്ക് സുരക്ഷിതത്വ ഉപകരണം ലഭ്യമാക്കൽ | | |
| • | ഹരിത കർമ്മസേന അംഗങ്ങൾക്ക് എതിരായ പരാതികളിൽ നടപടികൾ | | |
| • | നിരോധിക്കപ്പെട്ട പ്ലാസ്റ്റിക് ഉത്പന്നങ്ങളുടെ ഉപയോഗം നിരോധിക്കൽ | | |
| • | അതാതു പ്രദേശത്തെ നീർച്ചാലുകൾ, ജലാശയങ്ങൾ എന്നിവയിലെ ഖര, ദ്രവ മാലിന്യ സാന്നിദ്ധ്യം ഒഴിവാക്കൽ | | |

**അനുബന്ധം — 2**

**സ്ഥാപന തല വിലയിരുത്തൽ**

സ്ഥാപനത്തിന്റെ പേര്:

| • | ഇനം | അവസ്ഥ<br>2 0 2 3 മാർ ച്ച് 31-ന് മുൻപ് | നിലവിലെ സ്ഥിതി |
|---|---|---|---|
| • | ജൈവ മാലിന്യ സംസ്കരണ സംവിധാനം | | |
| • | ജൈവ മാലിന്യ സംസ്കരണ | | |

| | | | |
|---|---|---|---|
| | സംവിധാനം പ്രവർത്തിപ്പിക്കൽ | | |
| • | അജൈവ മാലിന്യങ്ങൾ തരംതിരിച്ച് സൂക്ഷിക്കൽ | | |
| • | അജൈവ മാലിന്യം കൃത്യമായി ഇടവേളകളിൽ ഹരിത കർമ്മ സേനകൾക്ക് നൽകൽ | | |
| • | മാലിന്യങ്ങൾ അലക്ഷ്യമായി വലിച്ചെറിയൽ | | |
| • | ദ്രവമാലിന്യ സംസ്കരണ സംവിധാനം | | |
| • | മാലിന്യങ്ങൾ ജലാശയങ്ങളിലേക്ക് ഒഴുക്കൽ | | |
| • | അപകടകരമായ മാലിന്യങ്ങളുടെ പരിപാലനം | | |
| • | മെഡിക്കൽ മാലിന്യങ്ങളുടെ പരിപാലനം | | |
| • | നിയമലംഘനങ്ങൾക്കെതിരെ തദ്ദേശ സ്ഥാപനം സ്വീകരിച്ച നിയമ നടപടികൾ | | |